## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3952 — 26.06.2013 ൽ മറുപടിക്ക്

### മാവേലിക്കരയിലെ ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സെന്റർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ് | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; | (എ) ഉണ്ട്. പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം നൂറനാട് ലെപ്രസി സാനിറ്റോറിയം ആശുപത്രിയിൽ എത്ര തസ്തികകൾ വെട്ടിക്കുറച്ചു ;<br>എത്ര ജീവനക്കാരെ സ്ഥലം മാറ്റി ;<br>വിശദമായ കണക്ക് ലഭ്യമാക്കുമോ ; | (ബി) സ.ഉ. (എം.എസ്) നം. 25/12/ആ.കുവ തീയതി 28.10.2012 പ്രകാരം പ്രസ്തുത ആശുപത്രിയിൽ നിന്നും ഒരു ഹെഡ് നഴ്സിന്റെയും 4 സ്റ്റാഫ് നഴ്സുമാരുടെയും തസ്തികകൾ ഷിഫ്റ്റ് ചെയ്യുകയും പകരം സ.ഉ. (എം.എസ്) നം.396/12/ആ.കുവ തീയതി 27.11.2012 പ്രകാരം 4 സ്റ്റാഫ് നഴ്സുമാരുടെ തസ്തികകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) ചുനക്കര സി.എച്ച്.സി.യിൽ മതിയായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (സി) ചുനക്കര പി.എച്ച്.സി.യിൽ താഴെ പറയുന്ന തസ്തികകൾ ഇപ്പോൾ നിലവിലുണ്ട്.<br>അസിസ്റ്റന്റ് സർജൻ - 1<br>സ്റ്റാഫ് നഴ്സ് -1<br>ഓഫ്താൽമിക്ക് അസിസ്റ്റന്റ് -1<br>ലാബ് ടെക്നീഷ്യൻ-1<br>ഫാർമസിസ്റ്റ് -1<br>ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് II -1<br>നഴ്സിംഗ് അസിസ്റ്റന്റ് -1<br><br>കൂടാതെ ഒരു സിവിൽ സർജന്റെ തസ്തിക കൂടി പ്രസ്തുത പി.എച്ച്.സി.യിലേക്ക് ഷിഫ്റ്റ് ചെയ്യുന്ന വിഷയം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ